**April : 07**

# KGBEU OU ബുള്ളറ്റിൻ 42/2023

സഖാക്കളെ,

ട്രാൻസ്ഫറിന്മേൽ നാം ചൂണ്ടിക്കാണിച്ച പോളിസി വയലേഷനുമായും ഗ്രീവൻസുമായും ബന്ധപ്പെട്ട് സംഘടനാ പ്രതിഷേധം പുലർച്ചെ മൂന്നര മണി നേരത്തും ഹെഡ് ഓഫീസിൽ തുടരുന്നു. രണ്ട് ജനറൽ മാനേജർമാർ, HR ചീഫ് മാനേജർ തുടങ്ങി മാനേജ്മെന്റ് പ്രതിനിധികളും ഇവിടെ തുടരുന്നുണ്ട്. ഇപ്പോൾ പോലീസ് സഹായത്തോടു കൂടി അവരെ പുറത്തേക്ക് കൊണ്ടു പോയിരിക്കുകയാണ്. മൂന്ന് ദിവസം അവധി ആയതിനാൽ താൽക്കാലികമായി നാം നമ്മുടെ പ്രതിഷേധം അവസാനിപ്പിക്കുകയാണ്. തിങ്കളാഴ്ച മുതൽ അതിശക്തമായ പ്രക്ഷോഭം നടത്താനും തീരുമാനിച്ചിരിക്കുന്നു. നൽകുന്ന ഉറപ്പുകളും വാക്കുകളുമെല്ലാം ലംഘിച്ചു കൊണ്ടിരിക്കുന്ന മാനേജ്മെന്റിനെ നിലക്ക് നിർത്തിയില്ലെങ്കിൽ ഈ ബാങ്കിലെ ജീവനക്കാർക്ക് സമാധാനത്തോടും സ്വസ്ഥതയോടും കൂടി പ്രവർത്തിക്കാൻ കഴിയില്ല. ജീവനക്കാരെ വഞ്ചിച്ചു കൊണ്ടിരിക്കുന്ന HR ജനറൽ മാനേജർ തൽസ്ഥാനത്ത് തുടരുന്നത് അംഗീകരിക്കാനും നമുക്ക് ഒരു കാരണവശാലും കഴിയില്ല. ആയതിനാൽ അവരെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യണമെന്ന് നാം ആവശ്യപ്പെട്ടിട്ടുണ്ട്. അതിജീവനത്തിനായി വരും നാളുകളിൽ വലിയ പോരാട്ടത്തിനായി തയ്യാറെടുത്തുകൊണ്ട് പരമാവധി ജീവനക്കാർ തിങ്കളാഴ്ച ഹെഡ് ഓഫീസിൽ എത്തിച്ചേരണം എന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)